**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 3.8 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ യഥാക്രമം 44,740 രൂപ, 6,00,000 രൂപ എന്നിവയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ (സാ.ധാ) നം.3241/2016/തസ്വഭവ തിരുവനന്തപുരം,തിയതി 29/11/2016

---

പരാമർശം : 1. പെരുവയൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29.04.2015 - തീയതിയിലെ എ 7-4467/15 നമ്പർ കത്ത്, 07/09/16 തീയതിയിലെ എ 7-9770/16 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 23.12.2015 - തിയതിയിലെ എം3/33321/15 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20.04.2016 - തിയതിയിലെ കെ.എസ്.എ-1991/പി.റ്റി3/16 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം പ്രസ്തുത വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 173/2012 -ൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പഠനയാത്ര എന്ന പേരിൽ ഉൽപ്പാദനപരമല്ലാത്ത പരിപാടിയായ ഉല്ലാസയാത്ര നടത്തിയതിലൂടെ ചെലവഴിച്ച 44,740 രൂപ (നാൽപ്പത്തിനാലായിരത്തി എഴുനൂറ്റിനാൽപ്പത് രൂപാ) തടസ്സപ്പെടുത്തിയിരുന്നു. ഇതേ വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം, സർക്കാർ മാർഗ്ഗരേഖ പ്രകാരം ആരോഗ്യ പദ്ധതികൾ ആശുപത്രി പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തെ ജനങ്ങളുടെ മൊത്തത്തിലുള്ള ആരോഗ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി മാത്രമേ നടപ്പിലാക്കുവാൻ പാടുള്ളുവെന്ന മാർഗ്ഗനിർദേശം മറികടന്ന് നിശ്ചിത ജനവിഭാഗങ്ങളെ മാത്രം ലക്ഷ്യമിട്ടുകൊണ്ടു നടപ്പിലാക്കിയ പദ്ധതികളായ 205/2012, 108/2012 (സ്ത്രീകളെ ലക്ഷ്യമിട്ടുള്ളതും വയോജനങ്ങളെ ലക്ഷ്യമിട്ടുള്ളതും) എന്നിവയുടെ ചെലവിനത്തിലുള്ള 6,00,000 രൂപായും (ആറു ലക്ഷം രൂപാ മാത്രം) തടസ്സപ്പെടുത്തിയിരുന്നു.

2) കേവലം ഉല്ലാസയാത്ര എന്നതിനപ്പുറം ഒരു പഠനയാത്ര എന്ന നിലയിലാണ് പദ്ധതി തയ്യാറാക്കിയതെന്നും വിസ്മയപാർക്ക് മാത്രമാണ് സന്ദർശിച്ചതെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയല്ലായെന്നും കേരളത്തിന്റെ ചരിത്രമുറങ്ങുന്ന പ്രദേശങ്ങളുൾപ്പെടെ സന്ദർശിച്ചതിലൂടെ കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇത് കുട്ടികൾക്ക് ഗുണകരമാകുകയും ചെയ്തിട്ടുണ്ടെന്നും സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കു വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നത് പദ്ധതിയുടെ അനിവാര്യത വെളിപ്പെടുത്തുന്നതുമാണെന്നും കത്തിൽ പരാമർശിച്ചിട്ടുണ്ട്. 60 വയസ് കഴിഞ്ഞ മുതിർന്ന

പൌരന്മാരുടെ ആരോഗ്യസംരക്ഷണവും രോഗപ്രതിരോധവും ലക്ഷ്യമിട്ട് നടപ്പാക്കിയ 108/2012 നമ്പർ പദ്ധതിയിൽ ആയുർവേദ ഡിസ്പെൻസറി മുഖേന രോഗികളെ പരിശോധിച്ച്, ആവശ്യമായ മരുന്നുകൾ മാത്രമാണ് വാങ്ങിയതെന്നും ഓരോ വർഷവും ഇതിലുൾപ്പെടുന്ന രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് കാരണം മെയിന്റനൻസ് ഗ്രാന്റിൽ നിന്നുള്ള തുക തികയാതെ വന്നിരുന്ന സാഹചര്യത്തിലാണ് വികസന ഗ്രാന്റ് ഉപയോഗിച്ചതെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 205/12 നമ്പർ പദ്ധതിയിൽ സ്ത്രീകൾക്ക് പൊതുവായി നൽകുന്ന മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങി രോഗികളെ പരിശോധിച്ച് ആവശ്യാനുസരണം ഡിസ്പെൻസറി മുഖേനയാണ് നൽകിയതെന്നും പദ്ധതി ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായും നേടിയിട്ടുണ്ടെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി എന്നിവയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ മറുപടി, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ മറുപടി, പഞ്ചായത്ത് ഡയറക്ടറുടെ മറുപടി എന്നിവ കണക്കിലെടുത്തും പദ്ധതി നടത്തിപ്പിലെ പഞ്ചായത്തിന്റെ ഉദ്ദേശ ശുദ്ധി പരിഗണിച്ചും കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2011-2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 44,740 രൂപായുടെ (നാൽപ്പത്തിനാലായിരത്തി എഴുനൂറ്റിനാൽപ്പത് രൂപ) ചെലവിനും ഖണ്ഡിക 3.8 പ്രകാരം തടസ്സപ്പെടുത്തിയ 6,00,000 (ആറു ലക്ഷം രൂപ മാത്രം) രൂപയുടെ ചെലവിനും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, പെരുവയൽ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ